# പൊരുൾ

വിജയകുമാർ കളരിക്കൽ

എൻ മുന്നിൽ ഇരുളാണ്
എൻ പിന്നിൽ ഇരുളാണ്,
ദർശിപ്പതെല്ലാമിരുളാണ്,
ഞാനെന്നുമിരുളിന്റ പൊരുൾ തേടി-
യിരുളിന്റ മാറിൽ,
പുഴുവായി  തുളയിട്ട്,
തുള പിന്നെ മടയാക്കി,
മടയ്ക്കുള്ളിലിന്നുമൊരു
ചെറു പുഴുവായിട്ടി-
രുളിന്റ പൊരുൾ തേടീട്ട-
ലയുന്നു വിഡ്ഢിയായ്,
അലയുന്നു ഭ്രാന്തനായ്.

***********************

# കവിത - 1

മുറ്റത്ത് തണലേകും തേന്മാവിൻ കൊമ്പില-
ന്നായിരമായിരം പൂവിരിഞ്ഞു,
പൂവിൻ മണമേറ്റ്, കൊതിമൂത്ത്, തേനുണ്ണാൻ
കൺകുളിരേകും പറവയെത്തി
പച്ചിലച്ചാർത്തിൻ മറവിലെ ചില്ലയിൽ
കൂടുകൂട്ടാനൊരു കാക്കയെത്തി,
പൂക്കളഴിഞ്ഞ് ഉണ്ണികളെത്തവെ
പാട്ടുകൾ പാടിയാകുയിലുമെത്തി,
മാങ്ങതന്നുണ്ണികൾ മൂത്തു പഴുക്കവെ
കൊഞ്ഞനം കാട്ടുന്ന കണ്ണനെത്തി,
ഒന്നെണ്ണി നൂറെണ്ണി നോക്കിയിരിയ്ക്കവെ
അക്കള്ളൻ തിന്നതിൻ ബാക്കി കിട്ടി.

***********